**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2465</u>** **<u>07-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>വാണിജ്യ രംഗത്തെ വിവിധ മേഖലകളുടെ പുരോഗതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വാണിജ്യ രംഗത്തെ വിവിധ മേഖലകളുടെ പുരോഗതി ലക്ഷ്യമാക്കി വ്യവസായ-വാണിജ്യ വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ വാണിജ്യ രംഗത്തെ വിവിധമേഖലകളുടെ പുരോഗതി ലക്ഷ്യമാക്കി വ്യവസായ വാണിജ്യ വകുപ്പ് താഴെ പറയുന്ന ഇടപെടലുകൾ നടത്തിവരുന്നു<br><br>**<u>ജില്ലാതല വ്യവസായ പ്രദർശനം</u>**<br>എം.എസ്.എം.ഇ ഉത്പന്നങ്ങളുടെ വില്പനയ്ക്കും അവ പൊതു സമൂഹത്തിന് പരിചയപ്പെടുത്തുന്നതിനും എല്ലാ ജില്ലകളിലും വ്യവസായ ഉത്പന്നങ്ങളുടെ പ്രദർശനം നടത്തി വരുന്നുണ്ട്.<br>**<u>കേരള അഗ്രോ ഫുഡ് പ്രോ</u>**<br>കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള അഗ്രോ ഫുഡ് പ്രോ എന്ന പേരിൽ ഒരു മേള സംഘടിപ്പിച്ചുവരുന്നു.<br><br>**<u>മലബാർ ക്രാഫ്റ്റ് മേള</u>**<br><br>കേരളത്തിലെ പരമ്പരാഗത കരകൗശല കൈത്തറിമേഖലയിലെ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനും പരമ്പരാഗത മേഖലയിലെ നൂതന ആശയങ്ങൾ പങ്കുവയ്ക്കുന്ന കരകൗശല വിദഗ്ധരുടെ സംഗമത്തിന് വേദി ഒരുക്കുന്നതിനുമായി മലബാർ ക്രാഫ്റ്റ് മേള സംഘടിപ്പിച്ച് വരുന്നു.<br><br>**<u>ദേശിയ അന്തർദേശിയ എക്സിബിഷനുകളിൽ പങ്കെടുക്കൽ</u>**<br>ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിന്റെ വ്യവസായ അനുകൂല സാഹചര്യങ്ങൾ പ്രചരിപ്പിക്കുന്നതിനും കേരളത്തിലെ വ്യവസായ ഉല്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി |

രാജ്യത്തിനകത്തും പുറത്തും നടക്കുന്ന മേളകളിൽ പങ്കെടുത്തു വരുന്നു.

**<u>ബി 2ബി വെബ്പോർട്ടൽ</u>**

കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി വ്യവസായവകുപ്പിനു വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു വെബ്പോർട്ടൽ രൂപീകരിച്ചു.

**<u>വ്യാപാർ (ബിസിനസ് ടു ബിസിനസ് മീറ്റ്</u>**

സംസ്ഥാനത്തിന്റെ   വികസന സാധ്യതകൾക്കും, പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എസ്.എം.ഇ -കൾക്കുവേണ്ടി വ്യാപാർ (ബിസിനസ് ടു ബിസിനസ് മീറ്റ്) സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് &ഗാർമെന്റ്സ്, റബ്ബർ, മരവ്യവസായങ്ങൾ, ആയുർവേദ&ഹെർബൽ, ഇലക്ട്രിക്കൽ &ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ മുതലായ മേഖലകളിൽ നിന്നുള്ള  ചെറുകിട ഉത്പാദകർ അവരുടെ ഉല്പ്പന്നങ്ങളും സാങ്കേതികവിദ്യയും പ്രദർശിപ്പിക്കുന്നു.

**<u>കേരള ബാംബൂ ഫെസ്റ്റ്</u>**

മുള  മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തി വരുന്ന പ്രധാനപ്പെട്ട  മേളയാണ് കേരള ബാംബൂ ഫെസ്റ്റ്". 2004 മുതൽ കൊച്ചിയിൽ 'കേരള ബാംബൂ ഫെസ്റ്റ്" സംഘടിപ്പിച്ചു വരുന്നു. ഇതിലൂടെ പ്രസ്തുത മേഖലയിലെ ഉണഭോക്താക്കൾക്ക് വിപണി കണ്ടെത്തുവാനും ഉൽപ്പന്ന വികസനത്തെക്കുറിച്ചുള്ള അറിവ് നേടാനും വിവരങ്ങൾ പരസ്പരം പങ്കിടാനും ഒരു വേദി ഒരുക്കുന്നു.

**<u>വാണിജ്യമിഷൻ</u>**

വിദേശ വിപണനം ലക്ഷ്യമിട്ട് വാണിജ്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ്, വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ കേരള ബ്യൂറോ ഓഫ്

| | | | |
|---|---|---|---|
| | | | ഇൻഡസ്ട്രിയൽ പ്രൊമോഷനിലെ (കെ-ബിപ്പ്) നിലവിലുള്ള സംവിധാനം ഉപയോഗിച്ചാണ് വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. |
| (ബി) | ഇതിനായി കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകൾ വഴി 2020-2021 ൽ നടപ്പാക്കിയ പദ്ധതികൾ, ലഭ്യമായ തുക, അതിന്റെ വിനിയോഗം എന്നിവ വിശദീകരിക്കാമോ? | (ബി) | സംസ്ഥാന ബഡ്ജറ്റിൽ വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ 3,64,06,000 രൂപ അനുവദിച്ചതിൽ 3,64,05,326 രൂപ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ